## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3819 | 15.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ജി .എസ്.ടി നടപ്പാക്കുമ്പോൾ നികുതി വകുപ്പിന്റെ പുന:സംഘടന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.കെ.വിജയൻ<br>,, വി.ആർ. സുനിൽ കുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നിയമം നടപ്പിൽ വരുമ്പോൾ സംസ്ഥാന നികുതി വകുപ്പിന്റെ പുന:സംഘടന ആവശ്യമായി വരുമെന്നത് കണക്കിലെടുത്ത് ഏത് തരത്തിലുള്ള പുന:സംഘടനയാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ രാജ്യം ഒരു ഏകീകൃത കമ്പോളമാകുകയും നികുതിക്കുമേൽ നികുതിയെന്നുള്ളത് പൂർണമായും ഇല്ലാതാകുകയും ചെയ്യുന്നതിനാൽ നിയമം നടപ്പിലാക്കുമ്പോൾ വകുപ്പിന്റെ പുന:സംഘടന, ഉദ്യോഗസ്ഥ വിന്യാസം എന്നിവയിൽ തീരുമാനമെടുക്കേണ്ടതുണ്ട്. ജി. എസ്. ടി. ഒരു ഏകീകൃത നികുതി വ്യവസ്ഥയായതിനാൽ മറ്റുള്ള സംസ്ഥാനങ്ങളുമായി ഐകരൂപ്യമുണ്ടായിരിക്കേണ്ടതുമാണ്. ഇതിനായി ചർച്ചകളും പഠനങ്ങളും നടന്നുവരുന്നു. |
| (ബി) | പിരിച്ചെടുക്കുന്ന നികുതിയുടെ പകുതി തുക കേന്ദ്രത്തിന് നൽകേണ്ടതിനാൽ പുന:സംഘടനയ്ക്ക് വേണ്ട അധിക ധനബാദ്ധ്യതയിൽ ഒരു പങ്ക് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | ഇതിനുള്ള ചർച്ചകൾ നടത്തി GST Council - ൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത നികുതി സംവിധാനം നടപ്പിലാക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് വകുപ്പ് നടത്തിയതെന്ന് അറിയിക്കുമോ? | (സി) | 2017 ജൂലൈ 1 മുതൽ ചരക്ക സേവന നികുതി നിലവിൽ വരണമെന്ന ഉദ്ദേശത്തോടുകൂടിയാണ് നടപടികൾ പുരോഗമിക്കുന്നത്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി വിവര സാങ്കേതിക വിദഗ്ധരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും NIC യുടെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ ഇവ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ഇതിനുപുറമേ Model GST നിയമത്തെപ്പറ്റി വാണിജ്യ നികുതി ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ജീവനക്കാർക്ക് National Academy of Customs, Excise and Narcotics (NACEN) എന്ന സ്ഥാപനവുമായി സംയോജിച്ച് പരിശീലനം നൽകിവരുന്നു.<br>ജി.എസ്.ടി.യുടെ സാങ്കേതിക വിദ്യയെപ്പറ്റിയുള്ള പരിശീലനം നൽകുന്നതിനായി വകുപ്പിലെ 50 ജീവനക്കാരെ Master Trainers ആയി നാമനിർദ്ദേശം നൽകുകയും ഇവർക്ക് പരിശീലനം ജി.എസ്.ടി.എൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇവരായിരിക്കും വകുപ്പിലെ മറ്റ് ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**